**അടിയന്തര പ്രമേയം**

**യുവജനസംഘടനകൾക്കുനേരെ നടന്ന പോലീസ് അതിക്രമം**

മി. സ്പീക്കർ: മുഖ്യമന്ത്രി രാജിവച്ച് അന്വേഷണം നേരിടണമെന്നാവശ്യപ്പെട്ട് ഇന്നലെയും മിനിഞ്ഞാന്നും നിയമസഭയിലേയ്ക്കും കളക്ടറേറ്റുകളിലേയ്ക്കും വിവിധ യുവജന സംഘടനകൾ നടത്തിയ മാർച്ചിനുനേരെ പോലീസ് ജലപീരങ്കികളും ഗ്രനേഡുകളും കണ്ണീർവാതകവും ഉപയോഗിച്ചതിനെത്തുടർന്ന് നേതാക്കന്മാർ ഉൾപ്പെടെയുള്ള നൂറിലധികം യുവജന മഹിളാ പ്രവർത്തകർ ഗുരുതരമായ പരിക്കുകളോടെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടതുമൂലവും സോളാർ തട്ടിപ്പിലെ ഞെട്ടിപ്പിക്കുന്ന പുതിയ ഏടുകൾ ഓരോന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നതുമൂലവും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. എസ് സുനിൽ കുമാർ, രാജു എബ്രഹാം, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. വി. എസ്. സുനിൽ കുമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ നൽകിയ നോട്ടീസും അതിനോടൊപ്പമുള്ള വിശദീകരണ കുറിപ്പും എന്റെ കയ്യിലുണ്ട്. അതുകൊണ്ട് ആ നോട്ടീസിനും വിശദീകരണ കുറിപ്പിനുമുള്ള മറുപടി ആദ്യം പറയാം. സോളാർ പാനൽ പ്രശ്നം സംബന്ധിച്ച് മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ

്യപ്പെട്ട് വിവിധ രാഷ്ട്രീയ സംഘടനാ പ്രവർത്തകർ ..................(ബഹളം)............ ഞാൻ പറഞ്ഞല്ലോ.........(ബഹളം)....... എന്റെ കയ്യിൽ എഴുതിത്തന്നിരിക്കുന്ന വിശദീകരണ കുറിപ്പിനുള്ള മറുപടിയാണിത്. ശ്രീ. വി.എസ്. സുനിൽ കുമാറിന് പറയാനുള്ള അവസരം പിന്നീടുണ്ടാകും. അപ്പോൾ ഞാൻ അതിനുള്ള മറുപടിയും പറയാം. അതാണല്ലോ നിയമസഭയുടെ പ്രോസസ്സ്. അപ്പോൾ എനിക്ക് തന്നിരിക്കുന്ന വിശദീകരണ കുറിപ്പിനുള്ള മറുപടി ഞാൻ പറയട്ടെ; അത് എന്റെ ബാദ്ധ്യതയല്ലേ; അതുകൊണ്ട് വിവിധ രാഷ്ട്രീയ സംഘടനാ പ്രവർത്തകർ 17-06-2013–ലും 18-06-2013–ലും തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലേയ്ക്കും ഗവൺമെന്റ് സെക്രട്ടേറിയറ്റിലേയ്ക്കും ജില്ലാ കേന്ദ്രങ്ങളിലേയ്ക്കും മാർച്ച് നടത്തുകയുണ്ടായി. ഇവിടെ സൂചിപ്പിച്ചതു പോലെ 17-06-2013-ന് തിരുവനന്തപുരം നിയമസഭാ മന്ദിരത്തിലേയ്ക്ക് ഡി.വൈ.എഫ്.ഐ./എ.ഐ.വൈ.എഫ് പ്രവർത്തകർ മാർച്ച് നടത്തുകയും അതിൽ വ്യാപകമായ ചില സംഘർഷങ്ങളും ഉണ്ടായിട്ടുണ്ട്. മ്യൂസിയം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ പി.ഡി.പി.പി. ആക്ട് അനുസരിച്ചുള്ള അഞ്ച് കേസുകൾ ഉൾപ്പെടെ ആകെ എട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലെ പ്രതികളെ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. തിരുവനന്തപുരത്ത് അക്രമാസക്തരായ പ്രകടനകാർക്കെതിരെ പോലീസ് ജലപീരങ്കി .................(ബഹളം)............ ഞാൻ പറയട്ടെ; ഞാൻ വളരെ ശാന്തമായിട്ടല്ലേ നിൽക്കുന്നത്. .....(ബഹളം)................

മി. സ്പീക്കർ:.......പ്ലീസ്.......പ്ലീസ്......... ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി മറുപടി പറഞ്ഞതിനുശേഷമല്ലേ ശ്രീ. വി. എസ്. സുനിൽ കുമാർ പ്രസംഗിക്കേണ്ടതുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ;

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ:..........(ബഹളം)....പ്രതിപക്ഷാംഗങ്ങൾ തന്നെ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവരികയും അതിനുള്ള വിശദീകരണകുറിപ്പ് നൽകുകയും ചെയ്തതിനുശേഷം അതുസംബന്ധിച്ച് മറുപടി പറയുന്ന സമയത്ത് ഇങ്ങനെ ബഹളം വച്ചാൽ ഞാൻ എന്തുചെയ്യും? ..............(ബഹളം).......... അതിനുള്ള മറുപടി കേൾക്കണ്ടേ; എനിക്ക് ലഭിച്ചിട്ടുള്ള അടിയന്തരപ്രമേയത്തിനും അതിന്റെ വിശദീകരണക്കുറിപ്പിനും മറുപടി പറയണ്ടേ; അതിനിടിയിൽ തടസ്സമുണ്ടാക്കിയാൽ പിന്നെ എന്ത് ചെയ്യാൻ സാധിക്കും. അതുകൊണ്ട് ഡി.വൈ.എഫ്.ഐ./എ.ഐ.വൈ.എഫ് മാർച്ചിനെ കണ്ണീർവാതകമുപയോഗിച്ച് പിരിച്ചുവിട്ടതിൽ ഡി.വൈ.എഫ്.ഐ. നേതാക്കളായ ശ്രീ. വിശാഖ്, ശ്രീ. സന്ദീപ്, ശ്രീ. കിഷോർ, എ.ഐ.വൈ. എഫ്. നേതാക്കളായ ശ്രീ. കാലടി ജയചന്ദ്രൻ തുടങ്ങി 37 പേർക്ക് പരിക്കു പറ്റിയെന്നുപറഞ്ഞ് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്. പ്രകടനക്കാർ മൂന്ന് പോലീസ് വാഹനങ്ങൾക്കും രണ്ട് സ്വകാര്യ വാഹനങ്ങൾക്കും കല്ലെറിഞ്ഞും അടിച്ചുപൊട്ടിച്ചും നാശം വരുത്തിയിട്ടുണ്ട്. 17-06-2013-ന് കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും ഡി.വൈ.എഫ്.ഐ. പ്രവർത്തകരുടെ മാർച്ച് അക്രമാസക്തമായതിനെത്തുടർന്ന് പോലീസ് നിയമാനുസരണം അവരെ പിരിച്ചുവിട്ടിട്ടുള്ളതാണ്. കൊല്ലത്ത് ഡി.വെ.എഫ്.ഐ. ജില്ലാ പ്രസിഡന്റ് ശ്രീ. പ്രശാന്ത് ഉൾപ്പെടെ എട്ട് പ്രവർത്തകരും പത്തനംതിട്ടയിൽ ഡി.വൈ.എഫ്.ഐ. ജില്ലാ പ്രസിഡന്റ് ശ്രീ. റ്റി.ആർ.പ്രദീപ്, ഡി.വൈ.എഫ്. ഐ. ഏരിയാ സെക്രട്ടറി ശ്രീ. രാജേഷ് എന്നിവരും എറണാകുളത്ത് ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മറ്റിയംഗം ശ്രീ. സാജൻ തുടങ്ങിയ ഏഴ്

പ്രവർത്തകരും തൃശൂരിൽ ഡി.വൈ.എഫ്.ഐ. ജില്ലാ ജോയിന്റ് സെക്രട്ടറി ശ്രീ. ഷിബു, രണ്ട് ജില്ലാ കമ്മിറ്റി മെമ്പർമാർ തുടങ്ങി ആറുപേരും വിവിധ ആശുപത്രികളിൽ ചികിത്സ തേടുകയുണ്ടായി. 18-06-2013-ന് ഭാരതീയ യുവമോർച്ച പ്രവർത്തകർ തിരുവനന്തപുരം സെക്രട്ടേറിയറ്റിലേയ്ക്കും എ.ഐ.വൈ.എഫ്. പ്രവർത്തകർ തിരുവനന്തപുരം തൃശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നടത്തിയ മാർച്ച് അക്രമാസക്തമായതിനെത്തുടർന്ന് ജലപീരങ്കി ഉപയോഗിച്ച് നിയമാനുസരണം അവരെ പിരിച്ചുവിടുകയും ചെയ്തു. 18-06-2013-ന് പ്രവർത്തകരെ പോലീസ് പിരിച്ചുവിട്ടതിനെ സംബന്ധിച്ച് തിരുവനന്തപുരത്ത് യുവമോർച്ച സംസ്ഥാന സെക്രട്ടറി ശ്രീ. ബി.ബി. രാജേഷ്, ജില്ലാ കമ്മിറ്റിയംഗം ശ്രീ. സജി, തൃശൂരിലെ എ.ഐ.വൈ.എഫ്. ജില്ലാ പ്രസിഡന്റ് ശ്രീ. ബെന്നി, ജില്ലാ സെക്രട്ടറി ശ്രീ. പ്രദീപ് തുടങ്ങിയ എട്ടുപേരും മലപ്പുറത്ത് എ.ഐ.വൈ.എഫ്. ജില്ലാ സെക്രട്ടറി ശ്രീ. ബാബുരാജ് ഉൾപ്പെടെ അഞ്ചുപേരും കണ്ണൂരിൽ രണ്ട് എ.ഐ.വൈ.എഫ്. പ്രവർത്തകരും വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്. 17–06–2013–നും 18–06–2013–നുമായി പ്രവർത്തകർ നടത്തിയ അക്രമത്തിൽ 36 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കുപറ്റിയിട്ടുണ്ട്. നിരവധി നിയമങ്ങളുടെ ലംഘനമാണ് പ്രകടനങ്ങൾ നടത്തുന്നവർ നടത്തിയത്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, ഹൈക്കോടതിയുടെ വിധിയാണ്. റോഡുകൾ സ്തംഭിപ്പിക്കുകവഴി ബഹുമാനപ്പെട്ട ഹൈക്കോടാതിയുടെ വിധിയും പൊതുവഴികളിലെ പ്രകടനവും സമ്മേളനവും നിയന്ത്രിക്കുവാനുള്ള നിയമ ങ്ങളും ഇന്ത്യൻ പീനൽകോഡ് വ്യവസ്ഥയിലെ നിയമവും ലംഘിച്ചാണ് പോലീസിനെ ആക്രമിച്ചുകൊണ്ടുള്ള ഇത്തരം അക്രമാസക്ത സമരങ്ങൾ

അവിടെ നടന്നത്. പോലീസ് പരമാവധി ആത്മസംയമനം പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പോലീസിനെതിരെ കല്ലേറും പോലീസ് വാഹനങ്ങൾക്കെതിരെ അക്രമവും നടത്തുന്നതുമെല്ലാം ദൃശ്യമാധ്യമങ്ങളിൽ വന്നിട്ടുള്ളതുമാണ്. ഇത്തരം സന്ദർഭങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ആദ്യനടപടിയെന്നുള്ള നിലയിലാണ് ജലപീരങ്കി നിയോഗിച്ചിട്ടുള്ളത്. സമരക്കാരെ തിരിച്ചയയ്ക്കാൻ പോലീസ് ഉപയോഗിക്കുന്ന ടിയർ ഗ്യാസിലെ രാസവസ്തുവാണ് വിശദീകരണക്കുറിപ്പിലെ ഒരു പ്രധാനപ്പെട്ട കാര്യം. രാസ വസ്തു ക്ലോറോ അസറ്റോഫിൻ അല്ലെങ്കിൽ Chlorobenzalmalononitrile എന്നതാണ്. ഈ ടിയർ ഗ്യാസ് വസ്തുക്കൾ സാധാരണയായി പോലീസ് വകുപ്പിനുവേണ്ടി നിർമ്മിച്ച് വിതരണം ചെയ്യുന്നത് മധ്യപ്രദേശിലെ ടി.എസ്.ടു. എന്ന കമ്പനിയിൽനിന്നാണ്. ഇത് വാങ്ങിയിട്ടുള്ളത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ..............(ബഹളം)....... ഇത് വാങ്ങിയതിന്റെ രേഖ ഞാൻ മേശപ്പുറത്തുവയ്ക്കുകയും ചെയ്യാം. അനെർട്ടിന്റെ പാനലിൽ ഉൾപ്പെ ടുത്തേണ്ട കമ്പനികൾക്ക് Ministry of New and Renewable Energy (MNRE)-യുടെ അംഗീകാരം നിർബന്ധമാണ്. ഇത്തരം അംഗീകാരമുള്ള കമ്പനികളെ അനെർട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചതിനുശേഷം ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഈ സംവിധാനം ഏർപ്പെടുത്തുന്ന കമ്പനികളെ മാത്രമേ സോളാർ പാനൽ പദ്ധതി യിൽ ഉൾപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ. അതുകൊ ണ്ടുതന്നെ ഇത്തരം യാതൊരു യോഗ്യതയുമില്ലാത്ത ടീം സോളാർ കമ്പനിയെ പ്പോലെയുള്ള ഒരു കമ്പനിക്ക് പതിനായിരം കോടിയുടെയല്ല പത്തുരൂപയുടെ പോലും ഓർഡർ ഈ ഗവൺമെന്റ് കൊടുത്തിട്ടില്ല. ..............(ബഹളം).......

10,000 കോടി രൂപയുടെ തട്ടിപ്പ് നടത്തുന്നതിനുള്ള പ്രോജക്ടുമായി വന്ന് കേരള സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും സോളാർ പാനലിന്റെ നടത്തിപ്പിൽ പങ്കാളിയാകുകയെന്നത് ഒരിക്കലും സാധിക്കാത്ത കാര്യമാണ്. അനെർട്ടിന്റെ ലിസ്റ്റിലില്ലാത്ത കമ്പനികൾക്ക് ഒരുകാരണവശാലും കേരളത്തിലെ സോളാർ പാനൽ പദ്ധതിയിലെ പങ്കാളിയാകാൻ സാധ്യമല്ല. അതുകൊണ്ട് ഇത്തരം ആരോപണം നിലനിൽക്കുന്നതല്ല. .............(ബഹളം)....... കേൾക്കൂ, ഞാനൊരു തർക്കത്തിനുമില്ലല്ലോ. പിന്നെ എന്താണ്? ഇനിയിപ്പോൾ ശ്രീ. വി. എസ്. സുനിൽ കുമാറിന് എന്തെങ്കിലും പറയാനുണ്ടാകും. അദ്ദേഹത്തിന് പറയാനുള്ളതുകൂടി കേട്ടതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തെ വിശദീകരണം ഞാൻ പറഞ്ഞോളാം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, വളരെ ഗൗരമവായിട്ടുള്ള പ്രശ്നമുന്നയിക്കുമ്പോൾ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്ന മറുപടി കേരളത്തിലെ ജനങ്ങൾ കേൾക്കുന്നുണ്ടെന്ന ധാരണ അദ്ദേഹത്തിനുവേണം. കോൺഗ്രസ്സിനകത്ത് ഗ്രൂപ്പ് വഴക്കുകൾ കത്തിക്കൊണ്ടിരിക്കുന്ന സമയത്ത് ഞാനാരുടേയും തൊമ്മിയല്ലായെന്ന് അദ്ദേഹം പറഞ്ഞു. എനിക്കൊരു ഭാസ്ക്കരപട്ടേലറുമില്ല, ഞാനാരുടേയും തൊമ്മിയുമല്ലായെന്ന് പറഞ്ഞു. പക്ഷേ അദ്ദേഹം ഇപ്പോൾ ഒരു തൊമ്മിയായി മാറിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം ഈ മുഖ്യമന്ത്രിക്കുവേണ്ടി വിനീതവിധേയനായ തൊമ്മിയെപ്പോലെ ഓവർ ടൈം ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. അടൂർ ഗോപാലകൃഷ്ണന്റെ 'വിധേയൻ' എന്ന സിനിമയിലെ ഭാസ്ക്കരപട്ടേലറിന്റെ കീഴിലിരിക്കുന്ന വിനീതവിധേയനായ തൊമ്മിയെപ്പോലെ അദ്ദേഹം ഓവർ ടൈം ജോലി എടുത്തുകൊണ്ട് മുഖ്യമന്ത്രിയെ സംരക്ഷിക്കുവാൻ ശ്രമിക്കുകയാണ്.

ആഭ്യന്തര വകുപ്പ് രണ്ടുരീതിയിലാണ് ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഒന്ന്, സോളാർ പാനലുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുന്ന ഗുരുതരമായ ആരോപണങ്ങൾ, വെളിപ്പെടുത്തലുകൾ.............ഈ കാര്യം പ്രധാനമായും അന്വേഷിക്കേണ്ട ആഭ്യന്തര വകുപ്പ് അന്വേഷണത്തെ വഴി തിരിച്ചുവിട്ടുകൊണ്ട്, അന്വേഷണത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിതന്നെ നേരിട്ട് ഇടപെട്ടുകൊണ്ട് ഈ അന്വേഷണത്തെ വഴിതിരിച്ചുവിടാനും മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ ഓഫീസ്സിനകത്തുമുണ്ടായിരിക്കുന്ന ഗുരുതരമായ ക്രമക്കേടുകളെ മൂടിവയ്ക്കാനും സംരക്ഷിക്കാനും ശ്രമിക്കുകയാണ്. രണ്ട്, ഇതിനെക്കുറിച്ച് ജുഡീഷ്യൽ എൻക്വയറി വേണമെന്നത് പ്രതിപക്ഷത്തിന്റെ ന്യായമായ ആവശ്യമാണ്. അങ്ങനെയൊരു ജുഡീഷ്യൽ  എൻക്വയറി നടക്കുമ്പോൾ സമാന്തരമായി ക്രിമിനൽ പ്രൊസീഡുവർ കോഡ് അനുസരിച്ച് ക്രിമിനൽ കേസ്സിൽ അന്വേഷിക്കുന്നതുപോലെ അന്വേഷിക്കേണ്ട ആ ഒരു തടസ്സവും ഞങ്ങൾ പറഞ്ഞിട്ടില്ല. അത് അന്വേഷിക്കുന്നതിനോടൊപ്പം ഉയർന്നുവന്നിരിക്കുന്ന അതീവ ഗുരുതരമായ ഈ കേസ്സിനെ സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി നടത്തണമെന്നും ആ സമയത്ത് മുഖ്യമന്ത്രി രാജിവയ്ക്കണമെന്നും ഞങ്ങൾ പറഞ്ഞു. എന്നാൽ ഈ ഗവൺമെന്റ് രാജി വയ്ക്കണമെന്ന് എൽ.ഡി.എഫ്. പറഞ്ഞിട്ടില്ല. ശ്രീ. ഉമ്മൻ ചാണ്ടി രാജിവച്ചുകൊണ്ട്, ആ സ്ഥാനത്തുനിന്ന് മാറിനിന്നുകൊണ്ട് അന്വേഷണം നടത്തണമെന്ന് വളരെ ജനാധിപത്യപരമായ, ന്യായമായ ആവശ്യം ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷം അകത്തുപറയുന്നതുപോലെതന്നെ പുറത്തും, പ്രതിപക്ഷ പാർട്ടികളും യുവജനസംഘടനകളും ഈ ന്യായമായ ആവശ്യമുന്നയിച്ചുകൊണ്ട് സമരം നടത്തി. ആ സമരത്തെ പോലീസിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് അതിശക്തമായി അടിച്ചമർത്താനുള്ള രണ്ടാമത്തെ മാർഗ്ഗവും ബഹുമാന്യ

നായ ആഭ്യന്തര വകുപ്പുമന്ത്രി ചെയ്യുകയാണ്. അദ്ദേഹം വളരെ സൗമ്യനാണ്. പക്ഷേ അങ്ങ് ചിരിച്ചുകൊണ്ട് ആളെ കൊല്ലുന്ന ആഭ്യന്തര വകുപ്പുമന്ത്രിയായി മാറിയിരിക്കുകയാണ്. 2010–ൽ ഞങ്ങൾ ടിയർ ഗ്യാസ് വാങ്ങിയതെന്നാണ് അങ്ങ് പറഞ്ഞത്. 2010–ൽ ഞങ്ങളുടെ കാലത്ത് തോക്ക് വാങ്ങിയിട്ടുണ്ടാകുമല്ലോ. ആ തോക്കുകൊണ്ട് പോലീസുകാരെ വെടിവച്ച് കൊന്നാൽ ശ്രീ. കോടിയേരി ബാലകൃഷ്ണനായിരിക്കുമോ ഉത്തരവാദി? 2010–ൽ വാങ്ങിയിരിക്കുന്ന ടിയർ ഗ്യാസ് ഷെല്ലിന്റെ ആക്രമണത്തിൽ ഞങ്ങളും പങ്കാളികളായതാണ്. സമരം ചെയ്യുന്ന സമയത്ത് ഞങ്ങൾ അവിടെ പോയപ്പോൾ ഞങ്ങൾക്കും വളരെ പ്രയാസമുണ്ടായി. വാസ്തവത്തിൽ ഈ ടിയർ ഗ്യാസ് ഷെല്ലിനകത്ത് പ്രയോഗിച്ചിരിക്കുന്ന രാസവസ്തു പരിശോധിക്കേണ്ടതാണ്. ഭീകരമായി ആ അക്രമത്തിൽ പരിക്കേറ്റ് എ.ഐ.വൈ.എഫ്.–ന്റെയും ഡി.വൈ.എഫ്.ഐ.–യുടെയും മഹിളാ അസോസിയേഷന്റെയും നേതാക്കൻമാർ ആശുപത്രിയിലാണ്. എ.ഐ.വൈ.എഫ്.–ന്റെ സംസ്ഥാന സെക്രട്ടറി സഖാവ് സാജൻ, ഡി.വൈ.എഫ്.ഐ.–യുടെ സെക്രട്ടറി സഖാവ് ബിജു, എ.ഐ.വൈ.എഫ്.–ന്റെ ജില്ലാ സെക്രട്ടറി ശ്രീ. പ്രദീപ് കുമാർ..... അങ്ങനെ നൂറ്റമ്പതിലധികം ഡി.വൈ.എഫ്.ഐ.–യുടെയും എ.ഐ.വൈ.എഫ്.–ന്റെയും മഹിളാ അസോസിയേഷന്റെയും നേതാക്കൻമാർ, ടിയർ ഗ്യാസ് ഷെല്ലിന്റെ അക്രമണത്തിൽ അവരുടെ ശ്വാസകോശം ചുരുങ്ങിപ്പോയി. ശ്വാസം കിട്ടാതെ ബോധരഹിതരായി വീണ് ആശുപത്രിയിലാണ്. എ.ഐ.വൈ.എഫ്.–ന്റെ നേതാവ് സഖാവ് സാജന് ബോധം ലഭിച്ചത് ഇന്നലെ രാവിലെയാണ്. അദ്ദേഹത്തിന് മാനസിക വിഭ്രാന്തിയുണ്ടാകുന്നു, ഞരമ്പുകൾ കോച്ചി വലിക്കുന്നു. ശ്വാസകോശം ചുരുങ്ങിപ്പോകുന്നു. ഇത് ഏതെങ്കിലുമൊരു ആസ്മാരോഗിക്കാണ് പറ്റുന്നതെങ്കിൽ

അവർ മരണപ്പെടുമെന്ന മുൻകൂട്ടിയുള്ള കോഷനുണ്ടായിട്ടുപോലും അത് വകവയ്ക്കാതെ ജനങ്ങൾക്കുനേരെ വർഗ്ഗീയ കലാപത്തിന് ഉപയോഗിക്കുന്ന ടിയർ ഗ്യാസ് ഷെൽ നിങ്ങൾ എന്തിന് പ്രയോഗിച്ചു? ഇവിടെ നേരത്തെ സൂചിപ്പിച്ചല്ലോ, ............. (ബഹളം)....... ബഹളം വയ്ക്കല്ലേ. .............(ബഹളം)....... ശ്രീ. ബെന്നി ബെഹനാൻ ബഹളം വയ്ക്കല്ലേ. ശ്രീ. ബെന്നി ബെഹനാൻ, കാര്യം പറയുമ്പോൾ ബഹളം വയ്ക്കല്ലേ. ഞാനൊരു കാര്യം പറയട്ടെ, ഇവിടെ അക്രമാസക്തനായിയെന്ന് ഇദ്ദേഹം പറഞ്ഞു. ഞാനും ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. കെ. സുരേഷ് കുറുപ്പുമൊക്കെ ഡി.വൈ.എഫ്.ഐ.-യുടെ ജാഥ വരുമ്പോഴുണ്ട്. ആ ജാഥ മുന്നോട്ടു വരുമ്പോൾ ജാഥ വരുന്നതിന് മുമ്പുതന്നെ ടിയർ ഗ്യാസ് ഷെൽ ആദ്യം പ്രയോഗിച്ചു. എന്ത് റൂളാണ്; പോലീസ് മാന്വലിന് എന്ത് പ്രകോപനമുണ്ടായി? അതിനുശേഷം ജലപീരങ്കി ഉപയോഗിച്ചു. അതിനോടൊപ്പംതന്നെ ഗ്രനേഡ് ഉപയോഗിച്ചു. മൂന്നും ഒരുമിച്ച് ഉപയോഗിച്ചുകൊണ്ട് നിങ്ങൾ നേരിടാൻ തീരുമാനിച്ചാൽ നിങ്ങളേക്കാളും വലിയ മുടിചൂടാ മന്നൻമാരെ മുട്ടുകുത്തിച്ച പാരമ്പര്യം എൽ.ഡി.എഫ്.-നുണ്ട്, ഓർത്തോളൂ. ശ്രീ. ഉമ്മൻ ചാണ്ടിയെ തെരുവിലിറക്കണ്ടായെന്ന് എൽ.ഡി.എഫ്. തീരുമാനിച്ചിട്ടുണ്ട്. ഞങ്ങൾ ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. ഈ മന്ത്രിസഭയിലെ മന്ത്രിമാർ നാളെ മുതൽ ഇറങ്ങണ്ടായെന്ന് തീരുമാനിച്ചാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ എല്ലാ പോലീസ് വിചാരിച്ചാലും നിങ്ങൾക്ക് ഇറങ്ങാൻ സാധിക്കുകയില്ല. അതേ, ഞങ്ങളെ പേടിപ്പിക്കാൻ നോക്കരുത്. നിങ്ങൾ ഞങ്ങളെ പേടിപ്പിക്കരുത്. ആളുകളെ പേടിപ്പിക്കരുത്. ജനാധിപത്യപരമായി സമരം നടത്തുമ്പോൾ .............(ബഹളം)....... ഞാൻ എല്ലാ കാര്യങ്ങളും തുറന്നുപറഞ്ഞുവെന്ന് മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു. .............(ബഹളം).......

സർ, ഇവർ ബഹളം വച്ചോട്ടെ, കുഴപ്പമൊന്നുമില്ല. അങ്ങ് എല്ലാ കാര്യവും തുറന്നുപറഞ്ഞോയെന്ന് ഞാൻ അങ്ങയോട് വളരെ ലളിതമായി ചോദിക്കുകയാണ്. അങ്ങ് തുറന്നുപറയാത്ത എത്രയോ കാര്യങ്ങളുണ്ട്. ലോകത്തിലെ ഏറ്റവും വലിയ മന:ശാസ്ത്രജ്ഞൻ ഫ്രോയിഡ് ആണ്. അദ്ദേഹം മനുഷ്യ മന:ശാസ്ത്രത്തെ ഏറ്റവും നന്നായി വിശകലനം ചെയ്ത ആളാണ്. എല്ലാ കാര്യങ്ങളും തുറന്നുപറയുന്നുവെന്ന് പറയുന്നവരെ സൂക്ഷിക്കണമെന്ന് അദ്ദേഹം പറയുന്നുണ്ട്. കാരണം അവർ ഒൻപത് കാര്യം തുറന്നുപറയുന്നത് പത്താമത്തെ കാര്യം മൂടിവയ്ക്കാനാണ്. അങ്ങനെയാണ് അങ്ങ് ചെയ്യുന്നത്. അങ്ങ് ഫ്രോയിഡിന്റെ മന:ശാസ്ത്രം ശരിയാണെന്ന് തെളിയിച്ച ഒരു മുഖ്യമന്ത്രികൂടിയാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ ചീഫ് വിപ്പ് 4-ാം തീയതി ശ്രീ. ജോപ്പൻ കുഴപ്പമുണ്ടാക്കുന്നു എന്നും സരിതാ എസ്. നായരെ പ്പറ്റിയും അങ്ങയോട് പറഞ്ഞില്ലേ; അതിന് രണ്ടാഴ്ച മുമ്പ് ശ്രീ. ജോപ്പനോട് പറഞ്ഞു എന്നുപറഞ്ഞു. അങ്ങേയ്ക്കറിയാമല്ലോ, അതിനുമുമ്പ് കേസ്സെടുത്തപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് വിളിച്ച 71 ഫോൺകാളുകളുടെ ലിസ്റ്റ് അങ്ങയുടെ മേശപ്പുറത്തുണ്ടല്ലോ. അങ്ങനെ അറിയാമായിരുന്നിട്ടും 4-ാം തീയതിക്ക് ശേഷം അങ്ങ് എന്ത് ചെയ്തു. 11-ാം തീയതി കൈരളി ചാനലിൽ തെളിവുസഹിതം വാർത്തകൾ പുറത്തുവരുന്നു. അങ്ങ് വല്ലതും ചെയ്തോ? 12-ാം തീയതി ഈ വിഷയം ഞങ്ങൾ നിയമസഭയിൽ ഉന്നയിച്ചു. ഞാൻ ആരെയും സംരക്ഷിക്കുന്നില്ല, നിയമം നിയമത്തിന്റെ വഴിക്കുപോകും. സഹായികളാരെയെങ്കിലും കുരുതികൊടുത്ത് ഞാൻ രക്ഷപ്പെടാൻ ഉദ്ദേശിക്കുന്നില്ല എന്നാണ് അങ്ങ് മറുപടി പറഞ്ഞത്. പിറ്റേ ദിവസം ഞങ്ങൾ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. അങ്ങ് അപ്പോഴും പറഞ്ഞത് എന്താണ്;

നിയമം നിയമത്തിന്റെ വഴിക്കുപോകും എന്ന്. നിൽക്കക്കള്ളിയില്ലാതായപ്പോൾ അങ്ങ് 14–ാം തീയതി വൈകുന്നേരം രണ്ട് പേഴ്സണൽ സ്റ്റാഫംഗങ്ങളെ പുറത്താക്കി. ഞാൻ ചോദിക്കുന്നു, 4–ാം തീയതി മുതൽ 10–ാം തീയതി വരെ നിങ്ങൾ എന്തുനോക്കിയിരിക്കുകയായിരുന്നു; നിങ്ങൾ എന്തുകൊണ്ട് അവരെ പുറത്താക്കിയില്ല? ഫോൺ വിളിച്ചതിന്റെ പേരിൽ ഞാനെന്തിന് രാജിവക്കണമെന്ന് അങ്ങ് ഇന്നലെ പത്രസമ്മേളനത്തിൽ ചോദിച്ചു. ഫോൺ വിളിച്ചതിന്റെ പേരിൽ അങ്ങ് എന്തിനാണ് രണ്ടുപേരെ പുറത്താക്കിയത്? ഫോൺ വിളിച്ചതിന്റെ പേരിലാണ് പുറത്താക്കിയതെങ്കിൽ, അവരെ പുറത്താക്കിയതിന് കാരണമുണ്ടെങ്കിൽ അതേ കാരണത്താൽ അങ്ങാണ് ആദ്യം രാജിവയ്ക്കേണ്ടത്. അങ്ങ് ആ ധാർമ്മിക ഉത്തരവാദിത്തം നിർവ്വഹിച്ചില്ല. കാരണം അങ്ങേയ്ക്ക് ഫോണില്ല. ഇന്നലെ അങ്ങ് പറയുന്നത് കേട്ടു, ഞാൻ മൊബൈൽ ഫോൺ വാങ്ങാൻ പോകുന്നു എന്ന്. എന്തിനാണ് മൊബൈൽ ഫോൺ? അങ്ങ് മൊബൈൽ ഫോൺ ഉപയോഗിക്കാതെ നാലര ലക്ഷം രൂപ ചെലവഴിച്ചതായി പത്രത്തിൽ വന്നല്ലോ. അപ്പോൾ ലാളിത്യത്തിന്റെ പേരിലാണോ അതോ കാപട്യത്തിന്റെ പേരിലാണോ അങ്ങ് മൊബൈൽ ഫോൺ ഉപയോഗിക്കാതിരിക്കുന്നത് എന്ന് ഞാൻ അങ്ങയോട് ചോദിക്കുന്നു. അങ്ങേയ്ക്ക് എന്തിനാണ് ഈ ദുരൂഹത? അങ്ങയുടെ ദുരൂഹമായ വ്യക്തിത്വം ഇപ്പോൾ പുറത്തുവരികയാണ്. അങ്ങേയ്ക്ക് ചുറ്റും ദുരൂഹമായ വ്യക്തിത്വങ്ങൾ നിറഞ്ഞുനിൽക്കുകയാണ്. ഞാൻ വിളിച്ചാലും ശ്രീമതി സോണിയാ ഗാന്ധി വിളിച്ചാലും അങ്ങയ്ക്ക് ഫോണുണ്ടോ? ശ്രീമതി സോണിയാ ഗാന്ധി വിളിക്കുന്നത് ശ്രീ. ജോപ്പനെയല്ലേ. ശ്രീമതി സോണിയാ ഗാന്ധി വിളിച്ചാൽ അത് ശ്രീ. ഉമ്മൻ ചാണ്ടിയെ, സരിതാ എസ്. നായർ വിളിച്ചാൽ അത്

ജോപ്പനെ. ഇത് എവിടത്തെ ന്യായമാണ്? ശ്രീ. ജോപ്പനെ മാത്രമാണ് വിളിച്ചതെങ്കിൽ ശ്രീ. ജോപ്പനും സരിതാ എസ്. നായരുമായി എന്തോ ബന്ധമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാമായിരുന്നു. പക്ഷേ, ശ്രീ. ജോപ്പനെ മാത്രമല്ല, അങ്ങേയ്ക്കുവേണ്ടി ഫോണുപയോഗിക്കുന്ന നാല് പ്രധാനപ്പെട്ട ആളുകളെയാണ് ഈ സ്ത്രീ വിളിച്ചിരിക്കുന്നത്. അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ചിട്ടില്ല, ഓഫീസിലെ മറ്റ് അംഗങ്ങളെ വിളിച്ചിട്ടില്ല. ഈ നാലുപേരെയും വിളിച്ചു എന്നുമാത്രമല്ല, ഭരണഘടനാബാഹ്യശക്തിയായ, അങ്ങ്, സുഹൃത്ത് എന്ന് കഴിഞ്ഞ ദിവസം പറഞ്ഞ ശ്രീ. കുരുവിളയേയും വിളിച്ചിരിക്കുന്നു. ഞാൻ അങ്ങയോട് ചോദിക്കട്ടെ, ഈ പാവം പയ്യൻ അത്ര ഇഷ്ടപ്പെട്ട ആളാണെങ്കിൽ അങ്ങേയ്ക്ക് പേഴ്സണൽ സ്റ്റാഫിൽ എടുത്തുകൂടേ? ആരെങ്കിലും തടസ്സമുണ്ടോ? എന്തുകൊണ്ട് എടുക്കുന്നില്ല. അങ്ങ് ഫോൺ ഉപയോഗിക്കുന്നില്ല. ഇൻഡ്യയിലെ ദുരൂഹവ്യക്തിത്വങ്ങളായി അറിയുന്ന പലരും സ്വന്തമായി ഫോണില്ലാത്തവരാണ്. സരിതാ എസ്. നായർക്ക് ഇല്ല, ബണ്ടിചോറിന് ഇല്ല, അങ്ങേയ്ക്കുമില്ല എന്നുപറയേണ്ടി വരുന്നതിൽ ഞങ്ങൾക്ക് വളരെ വിഷമമുണ്ട്. അങ്ങേയ്ക്കുവേണ്ടിയാണ് ഈ നാലുപേരെയും വിളിച്ചിരിക്കുന്നത് എന്നതിന്റെ പൂർണമായ തെളിവുകൾ വന്നിരിക്കുന്നു. അങ്ങ് ഇന്നലെ പറഞ്ഞു; എന്റെ ഓഫീസ് മിസ്‌യൂസ് ചെയ്യപ്പെട്ടു എന്ന്. ഞാൻ അങ്ങയോട് ചോദിക്കട്ടെ, അങ്ങയുടെ ഓഫീസ് മിസ്‌യൂസ് ചെയ്യപ്പെട്ടതിന് ഉത്തരവാദി ആരാണ്; ജോപ്പനാണോ; ഗൺമാൻ സലീംരാജാണോ; സരിത എസ്. നായരാണോ; ആരാണ്?

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, 10 മിനിട്ടായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രണ്ടുമൂന്നു കാര്യങ്ങൾകൂടി പറയാനുണ്ട്. അങ്ങയുടെ ഗൺമാൻ ശ്രീ. സലീംരാജിനെപ്പറ്റി 2005 മുതൽ ഇന്റലിജൻസ് റിപ്പോർട്ടില്ലേ; എന്നിട്ട് എന്തിനുവേണ്ടി......... ശ്രീ. സലീംരാജ് 100 കോടി രൂപയുടെ ഭൂമിതട്ടിപ്പ് നടത്തിയെന്ന് ഇന്ന് പത്രസമ്മേളനത്തിൽ ചിലയാളുകൾ പറഞ്ഞിരിക്കുന്നു. അദ്ദേഹം ഇപ്പോഴും പോലീസായി സർവ്വീസിലിരിക്കുകയല്ലേ. അങ്ങ് എന്ത് ചെയ്തു? അങ്ങയെ വിളിച്ചതിന്റെ പേരിൽ, അങ്ങേയ്ക്കുവേണ്ടി ഈ തട്ടിപ്പിന് കൂട്ടുനിന്ന പാവപ്പെട്ട രണ്ടു പേരെ പുറത്താക്കി, അവരെ കുരുതികൊടുത്ത് അങ്ങ് രക്ഷപ്പെടുകയാണ്. പണ്ടൊരു ഉമ്മൻ ചാണ്ടിയുണ്ടായിരുന്നു. ആ ഉമ്മൻ ചാണ്ടി അന്ന് ധനകാര്യ മന്ത്രിയായിരുന്നപ്പോൾ രാജിവച്ച ഉമ്മൻ ചാണ്ടിയാണ്. പക്ഷേ, ഇപ്പോൾ എന്താണ് സ്ഥിതി? 43 കൊല്ലമായി അധികാരത്തിലിരിക്കുന്ന അങ്ങ് അധികാരം വിട്ടൊഴിഞ്ഞാൽ വെറും ചണ്ടിയായി മാറുമെന്ന് പേടിക്കുന്നുണ്ടോ? അങ്ങേയ്ക്ക് ഭയമുണ്ടോ? അങ്ങ് ഇന്നൊരു അധികാര ദുർബ്ബലനായി മാറിയിരിക്കുന്നു. അങ്ങയുടെ വ്യക്തിത്വത്തിന് ചുറ്റും ദുരൂഹതയുണ്ട്. ബഹുമാനപ്പെട്ട അങ്ങ് ശ്രീ. ബിജു രാധാകൃഷ്ണനെ കണ്ടിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് നിയമസഭയെ തെറ്റിദ്ധരിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, ശ്രീ. ബിജു രാധാകൃഷ്ണൻ രണ്ടുലക്ഷം രൂപയുടെ വണ്ടിച്ചെക്ക് കൊടുക്കാൻ അങ്ങയുടെ ഓഫീസിൽ വന്നല്ലോ. അന്ന് കണ്ടില്ലേ, ചങ്ങമ്പുഴ പാർക്കിൽ വച്ച് കണ്ടില്ലേ. 2010-ൽ പിടികിട്ടാപുള്ളിയായി പ്രഖ്യാപിച്ച ശ്രീ. ബിജു രാധാകൃഷ്ണൻ എന്ന കൊടുംക്രിമിനലുമായി ഗസ്റ്റ്ഹൗസിൽവച്ച് അങ്ങ് എന്താണ് സംസാരിച്ചതെന്ന് എന്തുകൊണ്ട് വെളിപ്പെടുത്തുന്നില്ല.

മി. സ്പീക്കർ: ഇതൊക്കെ സഭയിൽ ചർച്ച ചെയ്തതാണ്. യെസ്... യെസ്...

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എന്താണ് രഹസ്യം. അങ്ങയും ശ്രീ. ബിജു രാധാകൃഷ്ണനുമായി എന്തുകുടുംബ ബന്ധമാണുള്ളത്? 10000 കോടിരൂപയുടെ അഴിമതി ഇതിന്റെ പിന്നിലുണ്ടെന്ന് പറഞ്ഞത് ചീഫ് വിപ്പാണ്.

മി.സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ചീഫ് വിപ്പ് പറഞ്ഞിരിക്കുന്ന കാര്യം കൂടി പറയണം. അദ്ദേഹം ഗവൺമെന്റിന്റെ ക്യാബിനറ്റ് റാങ്കിലുള്ള ഒരാളാണ്. ഭരണഘടനാപരമായി ഒരു അഴിമതി നടക്കുന്നുണ്ടെന്ന് അറിഞ്ഞാൽ അത് പറയാനും അറിയിക്കേണ്ടവരെ അറിയിക്കാനും അദ്ദേഹം ബാധ്യസ്ഥനാണ്. അദ്ദേഹത്തിന്റെ വയറിനകത്തുമുഴുവൻ ഇതിനെ സംബന്ധിച്ച രഹസ്യങ്ങൾ നിറഞ്ഞുനിൽക്കുകയാണ്. വാസ്തവത്തിൽ എക്സർസൈസ് ചെയ്താലും അദ്ദേഹത്തിന്റെ വയറുകുറയില്ല. ദയവായി അങ്ങേയ്ക്ക് അറിയാവുന്ന രഹസ്യങ്ങൾ പുറത്തുവിടണം. പതിനായിരം കോടി രൂപയുടെ അഴിമതി ഇതിന്റെ പുറകിലുണ്ടെന്ന് ചീഫ് വിപ്പ് പറയുന്നു. എല്ലാ വീടുകളിലും സോളാർ പാനൽ, സരിതോർജ്ജ പാനൽ വയ്ക്കണെമെന്ന് ഗവൺമെന്റ് ഉത്തരവിട്ടിരിക്കുന്നു.

മി.സ്പീക്കർ: ഇതെല്ലാം ഇവിടെ എത്ര പ്രാവശ്യം പറഞ്ഞതാണ്. പ്ലീസ്.. പ്ലീസ്....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അനെർട്ടിന്റെ അംഗീകാരമില്ലാത്തതൊന്നും തന്നെ വയ്ക്കില്ലെന്ന് ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു.

മുഖ്യമന്ത്രിയുടെ ഓഫീസിന്റെ മുകളിലും വീടിനുമുകളിലും വച്ചിരിക്കുന്ന സോളാർ പാനൽ അനെർട്ടിന്റെ അംഗീകാരമുള്ള കമ്പനിയുടേതാണോ എന്ന് വ്യക്തമാക്കേണ്ടതല്ലേ? ഈ ഗൂഢസംഘത്തിന് കൂട്ടുനിന്നുകൊണ്ട് ദുരൂഹ മായ വ്യക്തിത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാനത്തിന് ഒരു നഷ്ടവും വന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ നിരവധി ആളുകളുടെ ആയിരക്കണക്കിന് കോടി രൂപ തട്ടിയെടുത്തവരാണ് ഇവർ. ശ്രീ. സജാദ് എന്ന പരാതിക്കാരനെ അന്വേഷണസംഘം ഇതുവരെ ചോദ്യം ചെയ്തിട്ടില്ല. ഒരക്ഷരം മിണ്ടിയിട്ടില്ല.

മി.സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... എന്നെക്കൊണ്ട് മൈക്ക് ഓഫ് ചെയ്യിക്കരുത്. പ്ലീസ്...

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. അത് പ്രധാനപ്പെട്ട കാര്യമാണ്.

മി. സ്പീക്കർ: നോ... നോ... ...(ബഹളം)...... ശ്രീ. കോടിയേരി ബാല കൃഷ്ണൻ, അത് പറഞ്ഞുകഴിഞ്ഞു. അതെല്ലാം പറഞ്ഞു. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. വി. എസ്. സുനിൽ കുമാർ: എന്റെ നാട്ടിൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ അച്ഛൻ മകനോട് ചോദിച്ചു, തൊമ്മി നീ ജയിച്ചോടാ, തൊമ്മി പറഞ്ഞു, ഗോവിന്ദൻ തോറ്റു. മോനേ തൊമ്മി നീ ജയി ച്ചോടാ വീണ്ടും ചോദിച്ചു, രാമകൃഷ്ണൻ തോറ്റു. തൊമ്മി നീ ജയിച്ചോടാ? ബാലകൃഷ്ണൻ തോറ്റു.

മി. സ്പീക്കർ: ശ്രീ. വി.എസ്. സുനിൽ കുമാർ, ഞാൻ ഇതുവരെയും ഒരംഗത്തിന്റെ മൈക്ക് ഓഫ് ചെയ്തിട്ടില്ല. അതിന് അവസരമുണ്ടാക്കരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: എടാ തൊമ്മി നീ ജയിച്ചോ എന്നു ചോദിച്ചാൽ മറ്റുള്ളവർ തോറ്റ കാര്യം എന്തിനുപറയുന്നു. തോറ്റുകിടക്കുന്ന

തൊമ്മിയുടെ തോൽവി പറയുന്നില്ല, പകരം മറ്റുള്ളവരെക്കുറിച്ച് പറയുന്ന ഈ ഇടപാട് നിറുത്തണം. അങ്ങ് ഇത് നിറുത്തണം. കേരളത്തിലെ ജനാധിപത്യ സംവിധാനത്തിനകത്ത് ഇദംപ്രഥമമായിട്ടാണ് ഒരു മുഖ്യമന്ത്രിക്കെതിരായി ഇത്രയും ഗുരുതരമായ ആരോപണമുന്നയിക്കുന്നത്. അതുകൊണ്ട് അങ്ങേയ്ക്ക് ധാർമ്മികതയുണ്ടെങ്കിൽ, സുതാര്യതയുണ്ടെങ്കിൽ, ധാർമ്മിക നീതിബോധമുണ്ടെങ്കിൽ അങ്ങ് രാജി വച്ച് അന്വേഷണം നടത്തി വീണ്ടും അഗ്നിശുദ്ധിയോടുകൂടി തിരിച്ചുവരാനുള്ള ചങ്കൂറ്റം കാണിക്കണം. ആ ന്യായമായ ആവശ്യമാണ് എൽ.ഡി.എഫ്. ഉന്നയിച്ചിരിക്കുന്നത്. അതുന്നയിച്ചുകൊണ്ട് ഞങ്ങൾ നടത്തുന്ന സമരത്തെ അടിച്ചമർത്താൻ നോക്കിയാൽ ശക്തമായ തിരിച്ചടിയുണ്ടാകും. അതുകൊണ്ട് ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : യെസ്......യെസ്...പ്ലീസ്...പ്ലീസ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, XXXXXX[1] അതോടൊപ്പംതന്നെ ..........(ബഹളം)........

മി. സ്പീക്കർ : അതൊന്നും സഭാരേഖയിൽ കാണുകയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവരെന്തോ തയ്യാറെടുത്ത് നിൽക്കുകയാണ്.

മി. സ്പീക്കർ : അത് ശരിയല്ല......പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാം. ശ്രീ. വി. എസ്. സുനിൽ കുമാർ എഴുതി തന്നതി

---

[1, 2] രേഖയിൽനിന്നും നീക്കം ചെയ്തു.

ലൊന്നും ഇല്ല. XXXXXX[2] ......(ബഹളം).....ഇവിടെ രണ്ടു കാര്യങ്ങളെക്കുറിച്ച് പറയാം. ഒന്ന്, ..............(ബഹളം).........

മി. സ്പീക്കർ : ആ വാക്കുകൾ രേഖയിൽ കാണില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അനെർട്ടിന്റെ ലിസ്റ്റ് ഞാൻ മേശപ്പുറത്തുവയ്ക്കാം.

മി. സ്പീക്കർ : യെസ്.....പ്ലീസ്....അത് ശരിയല്ല.....പ്ലീസ്.....(ബഹളം)......(ബഹളം) ഇത് ശരിയല്ല........നിങ്ങൾ പറയാനുള്ളതെല്ലാം പറഞ്ഞിട്ട് .........അത് ശരിയല്ല.....നിങ്ങൾ പറയാനുള്ളതെല്ലാം പറഞ്ഞിട്ട് മന്ത്രിക്ക് മറുപടി പറയാൻ പറ്റാത്തതൊന്നും ശരിയല്ല. ......യെസ്. പ്ലീസ്........അതൊന്നും ശരിയല്ല.....(ബഹളം).......(ബഹളം)......... അൺപാർലമെന്ററിയായിട്ടുള്ളത് എന്തെങ്കിലും ഉണ്ടെങ്കിൽ അത് സഭാരേഖയിൽ കാണില്ല. പക്ഷേ, അദ്ദേഹം പറയുന്നത് കേൾക്കണം. ......ആഭ്യന്തരമന്ത്രി.......ആഭ്യന്തരമന്ത്രി....അങ്ങ്......(ബഹളം)........ ഒരാൾ പറയും. .......യെസ് പ്ലീസ്......ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി, അങ്ങ് XXXXXX[3] എന്ന ചില വാക്കുകൾ ഉന്നയിച്ചു എന്നാണ് പ്രതിപക്ഷത്തുള്ളവർ പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : XXXX[4] പറയാൻ കാരണം ഇവിടെ XXXXXX[5] എന്നൊക്കെ പറയുന്നത് ശരിയല്ല. അങ്ങനെ ഈ നിയമസഭാംഗത്തെ അപമാനിക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന ഒരു നടപടി XXXXXX[6] അതു

---

[3], 4, 5, 6 വാക്കുകൾ പിൻവലിച്ചു.

മാത്രമേ ഞാൻ പറഞ്ഞുള്ളു. പറഞ്ഞതിൽ അവർക്ക് വിഷമമുണ്ടെങ്കിൽ ഞാൻ പിൻവലിച്ചു.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ നിന്ന് മുദ്രാ വാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ആ വാക്ക് പിൻവലിച്ചു. ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പറഞ്ഞ വാക്ക് പിൻവലിച്ചു. നിങ്ങൾ മുദ്രാവാക്യവും പിൻവലിക്കൂ...........അദ്ദേഹം പിൻവലിച്ചു........നിങ്ങൾ മുദ്രാവാക്യം പിൻവലിക്കൂ.........

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ : ഞാനൊരു കാര്യം പറയാം. ഇത് ജനാധിപത്യമല്ല. അടിയന്തര പ്രമേയം അവതരിപ്പിച്ചു. അതിന് മറുപടി പറയാൻ മന്ത്രിക്ക് അവ സരം കൊടക്കുകയില്ല എന്നുപറഞ്ഞാൽ ഇത് ജനാധിപത്യമല്ല. ...... (ബഹളം)........അദ്ദേഹം മറുപടി പറയട്ടെ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ നേരത്തെ അനെർട്ടി നെക്കുറിച്ച് പറഞ്ഞു. അനെർട്ടിന്റെ അംഗീകൃത ലിസ്റ്റ് ഞാൻ മേശപ്പുറത്തുവയ്ക്കാം. ........(ബഹളം).......ഇവിടെ ശ്രീ. ആർ. വി. ജി. മേനോൻ ചെയർമാനായിട്ടുള്ള ഒരു കമ്പനി ‘സൂര്യ കേരളം’ എന്നു പറയുന്ന ഒരു പ്രോജക്ടുണ്ടാക്കി. ആ പ്രോജക്ടിന്റെ ഡയറ ക്ടർ ബോർഡ് കൂടിയതിനുശേഷം രണ്ടു സ്ഥലത്ത് സോളാർ പാനൽ വയ്ക്കണമെന്ന് അവർ തീരുമാനിച്ചു. ഒന്ന്, ആർ.വി.ജി. മേനോന്റെ വീട്ടിൽ.............(ബഹളം)...........

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി...... അദ്ദേഹം മറുപടി പറഞ്ഞിട്ട് സംസാരിക്കാം. ആഭ്യന്തര മന്ത്രിക്ക് പറയാനുള്ളത് പറഞ്ഞിട്ട് പോരേ....

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊിരുന്നു)

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പ്ലീസ്....പ്ലീസ്.... (ബഹളം)........ഒരു മിനിട്ട് ഞാൻ പറയട്ടെ.....

<u>ശ്രീ. സി. ദിവാകരൻ</u> : അദ്ദേഹം മാപ്പ് പറയണം.

<u>മി. സ്പീക്കർ</u> : എന്തിനാണ് മാപ്പ് പറയുന്നത്? അദ്ദേഹം പറഞ്ഞത് പിൻവലിച്ചു. ........(ബഹളം) .......ഇതൊക്കെ നമുക്കറിയാം.....നോ....നോ...അദ്ദേഹം പറഞ്ഞ ചില വാക്കുകൾ പിൻവലിച്ചു. പക്ഷേ, നിങ്ങൾ ആഭ്യന്തരമന്ത്രിയെ മറുപടി പറയാൻ അനുവദിക്കുകയില്ല എന്ന സമീപനമൊന്നും ശരിയല്ല. ശബ്ദമുണ്ടാക്കി നിർത്താനൊന്നുമുള്ളതല്ല. ഈ കാര്യങ്ങൾ. മുദ്രാവാക്യം വിളിച്ച് ഒരു യാഥാർത്ഥ്യം ഇല്ലാക്കാൻ സാധ്യമല്ല. ആർക്കും സാധ്യമല്ല. നിങ്ങൾ ആഭ്യന്തരമന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം. .... (ബഹളം).......ആഭ്യന്തരമന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം. നിയമസഭയിൽ ഒരു കാര്യം പറഞ്ഞാൽ അതിന് മറുപടിയുണ്ടാകും. പക്ഷേ, ആ മറുപടി കേൾക്കാനുള്ള സൗമനസ്യവും ജനാധിപത്യബോധവും കൂടി എല്ലാവർക്കും ഉണ്ടാകണം. പ്ലീസ്.......അങ്ങ് സംസാരിക്കൂ......(ബഹളം)......നിങ്ങൾ ദയവ് ചെയ്ത് സഹകരിക്കണം. അദ്ദേഹം സംസാരിച്ച് തീർന്നില്ല. ..........നോ.....നോ......പ്രതിപക്ഷനേതാവിന് മൈക്കെല്ലാം കൊടുക്കും. നിങ്ങൾ ബഹളമൊന്നും ഉണ്ടാക്കേണ്ട. പ്രതിപക്ഷ നേതാവിന് സംസാരിക്കണമെങ്കിൽ നിങ്ങൾ ചുറ്റുംനിന്ന്

മാറിനിൽക്കണം. അപ്പോൾ മാത്രമേ അദ്ദേഹത്തിന് മൈക്ക് കൊടുക്കാൻ സാധിക്കുകയുള്ളു.

ശ്രീ. സി. ദിവാകരൻ : പറയാൻ പാടില്ലാത്തതാണ് പറഞ്ഞത്.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .....അടിയന്തര പ്രമേയം അവതരിപ്പിച്ചതിന്റെ മറുപടി അങ്ങേയ്ക്ക് പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇങ്ങനെ.... ഒരു ഓർഡറിലാകാതെ ഞാനെന്തു ചെയ്യും. എന്നോട് ചോദിച്ച ആളുപോലും സീറ്റിലില്ല. ഈ അടിയന്തരപ്രമേയം അവതരിപ്പിച്ച ആളുപോലും ഈ സീറ്റിലില്ല. പിന്നെ ആരോടാണ് പറയുന്നത്? ഇത് ഉന്നയിച്ച ആളും അതിൽ ഒപ്പിട്ട ആളുകളും വേറെയില്ലേ? അവരാരും സീറ്റിലില്ല.

മി. സ്പീക്കർ : എനിക്കറിയാം, അതാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ദയവ് ചെയ്ത് അവരുവരുടെ സീറ്റിലിരിക്കണം. അദ്ദേഹം പറയും. പ്രതിപക്ഷനേതാവിനും സംസാരിക്കാനുള്ള അവസരമുണ്ട്. ........(ബഹളം)...... സംസാരിക്കാം.....(ബഹളം)..... അത് സാധ്യമല്ല. മന്ത്രി മറുപടി പറയാൻ എഴുന്നേറ്റ ഉടനെ നിങ്ങൾ ബഹളമുണ്ടാക്കി മുദ്രാവാക്യം വിളിക്കുക, മന്ത്രിയെ സംസാരിക്കാൻ സമ്മതിക്കാതിരിക്കുക, അതൊന്നും ശരിയല്ല. അദ്ദേഹത്തിന് പറയാനുള്ളത് പറയേണ്ടേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത് ആഭ്യന്തരമൊന്നുമല്ല, ഗവൺമെന്റ് സ്റ്റാന്റാണ് പറയുന്നത്. അത് അദ്ദേഹത്തിന് പറയണ്ടേ? .....(ബഹളം)........അദ്ദേഹത്തിന് പറയണം. ....... (പ്രതിപക്ഷം മുദ്രാവാക്യം വിളിക്കുന്നു.)........ അതിനൊന്നും എനിക്ക് മറുപടിയില്ല. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അങ്ങ് ഇത് വൈൻഡ്-അപ് ചെയ്തുകൊള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എങ്ങനെ വൈൻഡ് – അപ് ചെയ്യാനാണ്? എനിക്ക് പറയാനുള്ളത് ഒന്ന് പറയേണ്ടേ? അതേ ഉള്ളൂ കാര്യം. പറയാനുള്ളതൊന്ന് പറയണ്ടേ? അതിന് ഇവർ അവരവരുടെ സീറ്റിലിരുന്നാൽ ഒരു പ്രശ്നവുമില്ല. ........(ബഹളം)......

മി. സ്പീക്കർ : അവസാനം ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ്. അതിന് അങ്ങയുടെ ഗവൺമെന്റ് സ്റ്റാന്റ് പറഞ്ഞാൽ അടുത്ത നടപടിയിലേയ്ക്ക് പോകാം. .....(ബഹളം).....

ശ്രീ. ഇ. പി. ജയരാജൻ : നിങ്ങൾക്ക് മറുപടി പറയാൻ സാധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമേയില്ല.

മി. സ്പീക്കർ : സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള അഭിപ്രായം ഗവൺമെന്റിന് ഇല്ലാത്തതുകൊണ്ട് ഗവൺമെന്റിന്റെ അഭിപ്രായത്തെ മാനിച്ച് അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. ......(ബഹളം).......പ്ലീസ്....പ്ലീസ്........ദയവ് ചെയ്ത നിങ്ങൾ .......... (ബഹളം)..........(ബഹളം) ............എന്താണ്? ഞാൻ കേൾക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്. സർ,

മി. സ്പീക്കർ : നോ.......നോ.......പ്ലീസ്.....അങ്ങ് ഇപ്പോൾ സംസാരിക്കേണ്ട. പ്ലീസ്... ശ്രീ. പി. സി. ജോർജ് please sit down.

ഇവിടെ ചെയറിന് സഭാനടപടികളുമായി മുന്നോട്ടു നീങ്ങണം. സഭാ നടപടികൾ പൂർത്തിയാക്കേണ്ട ഉത്തരവാദിത്തം ചെയറിനാണ്. രണ്ടുകൂട്ടരും അതിനോട് സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അത്തരം ഒരു സാഹചര്യം ഉണ്ടായില്ലെങ്കിൽ ഈ നടപടി പൂർത്തിയാക്കാതെ അടുത്ത പ്രക്രിയയുമായി ചെയറിന് മുന്നോട്ടു നീങ്ങേണ്ടിവരും. ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദു ചെയ്യുന്നു.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)